**കേരള പബ്ലിക് സർവീസ് കമ്മീഷൻ**
**ജില്ലാ ഓഫീസ്: തിരുവനന്തപുരം**

നമ്പർ:ഡി.റ്റി.എഫ്(എസ്.എസ്.) (3)2159/08 തിരുവനന്തപുരം
തീയതി: 14.10.2008

## *വിജ്ഞാപനം*

വിഷയം:- വർക്ക്സൂപ്രണ്ട് കൃഷി വകുപ്പ് - തിരുവനന്തപുരം ജില്ല സാധ്യതാ ലിസ്റ്റ് - സംബന്ധിച്ച്

********

13.10.2006 ലെ ഗസറ്റ് വിജ്ഞാപനപ്രകാരം കൃഷി വകുപ്പിൽ (തിരുവനന്തപുരം ജില്ല)3350 5275(PR)രൂപ ശമ്പളനിരക്കിൽ വർക്ക് സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനായി 30.10.2007 ൽ നടത്തിയ ഒബ്ജക്ടീവ് മാതൃകയിലുള്ള (ഒ.എം.ആർ)പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് പട്ടികയിൽ താൽക്കാലികമായി ഉൾപ്പെടുത്തുവാൻ പരിഗണിക്കപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ ചുവടെ ചേർക്കുന്നു. രജിസ്റ്റർ നമ്പറിന്റെ ക്രമത്തിൽ മാത്രമാണ് ഈ പട്ടിക പ്രസിദ്ധീകരിക്കുന്നത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയിലെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് മുൻപ് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ ജനനതീയതി സമുദായം, യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. ഗസറ്റിൽ നിഷ്കർഷിച്ച പ്രകാരമുള്ള ഒന്നാമത്തെ യോഗ്യതയുള്ള വരെയാണ് ലിസ്റ്റ്-I ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പരീക്ഷയ്ക്ക് 54 ഉം (അൻപത്തിനാല്) അതിൽ കൂടുതലും മാർക്ക് നേടിയ ഉദ്യോഗാർത്ഥികളെയാണ് ലിസ്റ്റ്-IIന്റെ മുഖ്യപട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത അടിസ്ഥാന മാർക്കിൽ ആവശ്യമായ ഇളവ് വരുത്തി പിന്നാക്ക സമുദായക്കാർക്കുള്ള ഉപപട്ടികകളും ലിസ്റ്റ്_ II ൽ തയ്യാറാക്കിയിരിക്കുന്നു.

ഉദ്യോഗാർത്ഥികൾ രേഖകൾ പരിശോധിക്കുന്നതിനായി പബ്ലിക് സർവീസ് കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ഓഫീസിൽ ഹാജരാകേണ്ട തീയതി, സമയം എന്നിവ വിജ്ഞാപനത്തിന്റെ കൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അസ്സൽ പ്രമാണങ്ങളും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പുകളും സഹിതം സ്വന്തം ചെലവിൽ നേരിട്ട് ഹാജരാക്കേണ്ടതാണ്. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് വ്യക്തിഗത മെമ്മോ അയക്കുന്നതല്ല..

പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വികലംഗരായ ഉദ്യോഗാർത്ഥികൾക്ക് അസ്സൽ സർട്ടിഫിക്കറ്റ് പരിശോധന , യോഗ്യത നിർണ്ണയത്തിനുള്ള കൂടിക്കാഴ്ച എന്നിവയുടെ സ്ഥലവും സമയവും തീയതിയും പിന്നീട് അറിയിക്കുന്നതാണ്.

പട്ടികയിൽ രജിസ്റ്റർ നമ്പരുകൾക്ക് മുൻപായി 'T' എന്ന് ചേർത്ത് വായിക്കേണ്ടതാണ്.

## LIST I

**100002** **100005**

## LIST II

### മുഖ്യപട്ടിക

| | | | |
|---|---|---|---|
| 100073 | 100098 | 100101 | 100109 |
| 100160 | 100164 | 100195 | 100208 |
| 100271 | 100289 | 100291 | 100310 |
| 100348 | 100378 | 100602 | |

### ഉപ പട്ടികകൾ

### ഈഴവ

| | | | |
|---|---|---|---|
| 100018 | 100032 | 100064 | 100083 |
| 100131 | 100132 | 100231 | 100260 |
| 100273 | 100319 | 100410 | |

### പട്ടിക ജാതി

| | | |
|---|---|---|
| 100047 | 100127 | 100293 |
| 100301(PH) | 100443 | 100510 |

- പട്ടിക വർഗ്ഗം
    - NIL
- 
    - മുസ്ലീം

| | | | |
|---|---|---|---|
| 100007 | 100053 | 100129 | 100133 |
| 100170 | 100176 | 100199 | 100226 |
| 100279 | 100545 | | |

- ലാറ്റിൻ കാത്തലിക്

| | | |
|---|---|---|
| 100366 | 100442 | 100481 |

### ഒ.ബി.സി

| | | |
|---|---|---|
| 100026 | 100120 | 100139 |

○ <u>വിശ്വകർമ്മ</u>

**100024** **100570**

<u>**എസ്.ഐ.യു.സി നാടാർ/ആംഗ്ലോ ഇന്ത്യൻ**</u>

**100359** **100578**

<u>**ഒ.എക്സ്**</u>

NIL

- **ധീവര**

- NIL

***<u>കുറിപ്പ്</u>*** :- 1. അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ ഈ ലിസ്റ്റിൽ രജിസ്റ്റർ നമ്പരുകൾ ഉൾപ്പെടുത്തിയിരിക്കുന്നത് തികച്ചും സോപാധിക മായിട്ടാണ്. ഈ ലിസ്റ്റിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുണ്ട് എന്നതുകൊണ്ടു മാത്രം റാങ്ക് ലിസ്റ്റിൽ ചേർക്കപ്പെടുവാൻ ഉദ്യോഗാർത്ഥികൾക്ക് യാതൊരു അവകാശവും ഉണ്ടായിരുക്കുന്നതല്ല.

2. ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ ലിസ്റ്റ് തയ്യാറാക്കി യിരിക്കുന്നത് പിന്നീട് ഉന്നയിക്കൂന്ന അവകാശങ്ങളൊന്നും യാതൊരു കാരണവാശാലും സ്വീകരിക്കുന്നതല്ല.

3. അസ്സൽ സർട്ടിഫിക്കറ്റുകളുടെ പരിശോധനയ്ക്ക് നേരിട്ട് ഹാജരാകാത്ത ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ ഈ ലിസ്റ്റിൽ നിന്നും മറ്റൊരറിയിപ്പ് കൂടാതെ നീക്കം ചെയ്യുന്നതാണ്.

4.സംവരണാനുകൂല്യമുള്ളവരിൽ പട്ടികജാതി,പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ടവർ അവരുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിൻെറ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ രണ്ട് പകർപ്പുകളും ഹാജരാക്കേണ്ടതാണ്.

5. പിന്നാക്ക സമുദായങ്ങളിലെ പരമ്പരാഗത തൊഴിൽ ചെയ്യുന്ന വിഭാഗത്തിൽപ്പെട്ടവരും മത്സ്യബന്ധനം ഉപജീവനമാർഗ്ഗമായ സമുദായങ്ങളിലെ ഉപജാതികളിൽപ്പെട്ടവരുമായ ഉദ്യോഗാർത്ഥികൾ അവർ പരമ്പരാഗത തൊഴിൽ ചെയ്യുന്നവരാണെന്ന് വ്യക്തമായി സൂചിപ്പിക്കുന്ന ജാതി സർട്ടിഫിക്കറ്റ് (അസ്സലും ശരിപ്പകർപ്പും) ഹാജരാക്കേണ്ടതാണ്. സംവരണാനുകൂല്യത്തിന് അർഹതയുള്ള മറ്റുള്ളവർ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. (G.O(P) No.46/07 SC/ST/DD dated 25.08.2007 പ്രകാരമുള്ളത്)

6. വിമുക്തഭടന്മാർ, കായികതാരങ്ങൾ എന്നീ വിഭാഗങ്ങളിൽപ്പെട്ടവർ, അവർക്കായുള്ള പ്രത്യേക ആനുകൂല്യങ്ങൾ അപേക്ഷയിൽ അവകാശപ്പെട്ടി ട്ടുണ്ടെങ്കിൽ

ആയവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ നേരിട്ടല്ലാതെ ഹാജരാക്കുന്ന രേഖകൾ സ്വീകരിക്കുന്നതല്ല.

7. അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കുന്നതിനു കൂടുതൽ സമയം അനുവദിക്കുകയോ വീണ്ടും അവസരം നൽകുകയോ, ചെയ്യുന്നതല്ല. ആകയാൽ, അവസരം നഷ്ടപ്പെടാതിരിക്കാൻ ഉദ്യോഗാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

***<u>ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ട പ്രമാണങ്ങൾ</u>***

| | | | |
|---|---|---|---|
| 1 | ജനനതീയതി | : | എസ്.എസ്.എൽ.സിയുടെ ബന്ധപ്പെട്ട പേജ്, അല്ലെങ്കിൽ തതുല്യമായ സർട്ടിഫിക്കറ്റ്(അസ്സലും) ശരിപകർപ്പും) |
| 2 | വിദ്യാഭ്യാസയോഗ്യത | : | ഗസറ്റിൽ നിഷ്കർഷിച്ച പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യതയുടെ അസ്സലും പകർപ്പും (എസ്.എസ്.എൽ.സി ഉൾപ്പെടെ) |
| 3 | ജാതി, സമുദായം, (സംവരണാനുകൂല്യത്തിന്) | : | ജാതി സർട്ടിഫിക്കറ്റ്/നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് അസ്സലും പകർപ്പും (രണ്ട് കോപ്പികൾ) |
| 4 | കായികതാരങ്ങൾ | : | സ്പോർട്സ് കൗൺസിൽ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് (അസ്സലും പകർപ്പും) |
| 5 | സർവീസിലുള്ള ഉദ്യോഗാർത്ഥികൾ | : | ബന്ധപ്പെട്ട വകുപ്പ് മേധാവിയിൽ നിന്നും ലഭിച്ച നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (രസീതി) |
| 6 | പേര്, ജനനതീയതി, ഒപ്പ്, ജാതി എന്നിവയിലുള്ള വ്യത്യാസം | : | പേര്, ജനനതീയതി, ഒപ്പ്, ജാതി എന്നിവയിൽ വ്യത്യാസം വരുത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾ ആയവ തെളിയിക്കുന്നതിനാവശ്യമായ ഗസറ്റ് വിജ്ഞാപനം(അസ്സലും പകർപ്പും) |
| 7 | വികലാംഗരായ ഉദ്യോഗാർത്ഥികൾ | : | അംഗവൈകല്യം സംബന്ധിച്ച് മെഡിക്കൽ ബോർഡിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സലും പകർപ്പും) |
| 8 | മറ്റേതെങ്കിലും അർഹത | : | മറ്റേതെങ്കിലും അർഹത ഉണ്ടെങ്കിൽ ആയവ തെളിയിക്കുന്നതിനുള്ള പ്രമാണം (അസ്സലും പകർപ്പും) |

മുകളിൽ പറയും പ്രകാരമുള്ള സർട്ടിഫിക്കറ്റുകളും രേഖകളും വെരിഫിക്കേഷൻ സമയത്തിനുശേഷം ഹാജരാക്കുവാൻ അവസരം നൽകുന്നതല്ല.

അസ്സൽ പ്രമാണങ്ങൾ പരിശോധിക്കുന്നതിനുള്ള സ്ഥലം, തീയതി സമയം എന്നിവ ചുവടെ ചേർക്കുന്നു.

| ***സ്ഥലം*** | ***തീയതി*** | ***സമയം*** |
|---|---|---|
| കെ.പി.എസ്.സി ജില്ലാ ഓഫീസ് തിരുവനന്തപുരം | 06.11.2008 | 8.AM |

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

ജില്ലാ ഓഫീസർ
കെ.പി.എസ്.സി ജില്ലാ ഓഫീസ്
തിരുവനന്തപുരം

*su*